"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - വയനാട് ജില്ല - സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കാരക്കുനി സുധിക്കവല റോഡ് - ഭരണാനുമതി കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.213/2025/DMD തീയതി,തിരുവനന്തപുരം, 04-04-2025

പരാമർശം:-
1. 24.11.2022 തീയതിയിലെ സ. ഉ. (സാധാ) നം. 841/2022/ഡിഎംഡി
2. 06.03.2024 തീയതിയിലെ സ. ഉ. (സാധാ) നം. 287/2024/ഡിഎംഡി
3. വയനാട് ജില്ലാകളക്ടറുടെ 19.02.2025 തീയതിയിലെ DCWYD/2560/2023-H2 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ് മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് (1) പ്രകാരം വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കാരക്കുനി സുധിക്കവല റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 2024 പൊതുതിരഞ്ഞെടുപ്പ്, 2024 ലോകസഭ ബൈ ഇലക്ഷൻ, ചൂരൽമല ഉരുൾപൊട്ടൽ എന്നിവ മൂലം യഥാസമയത്ത് ടെണ്ടർ നടപടികൾ സ്വീകരിക്കുവാനോ കരാറിൽ ഏർപ്പെടുവാനോ സാധിച്ചിരുന്നില്ല എന്നും അതിനാൽ മേൽ പരാമർശിച്ച പ്രവൃത്തിക്കായി ഭരണാനുമതി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാകളക്ടറുടെ ശിപാർശ പരിഗണിച്ച് പരാമർശിത ഉത്തരവ് (1) പ്രകാരം ഭരണാനുമതി നൽകിയിരുന്ന വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കാരക്കുനി സുധിക്കവല റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി ഇനി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന

വ്യവസ്ഥയിൽ ഈ ഉത്തരവ് തീയതി മുതൽ ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത പ്രവൃത്തി ഭരണാനുമതി കാലാവധിക്കകത്ത് തന്നെ പൂർത്തിയാക്കുന്നുണ്ടെന്ന് വയനാട് ജില്ലാകളക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം

ജില്ലാ കളക്ടർ, വയനാട്

സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ് (ഫയൽ നം. DMB1/54/2025/DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 04-04-2025 11:11:00

പകർപ്പ്: ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.-യ്ക്ക്